DESPATCHED
On..20/2/2020
28.1.20

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**A.P.320 (6)/2015/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.2123/SIC-G5/2015**

**സന്നിഹിതൻ**

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. സുനിൽ കെ.എസ്.<br>ആനപ്പാറയ്ക്കൽ വീട്<br>ശിവൻ കോവിൽ റോഡ്<br>വി. കോട്ടയം പി.ഒ.<br>പത്തനംതിട്ട–689 656 | അപ്പീൽ ഹർജിക്കാരൻ |
| 1.സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>വള്ളിക്കോട് ഗ്രാമപഞ്ചായത്ത്<br>വള്ളിക്കോട് പി.ഒ.<br>പത്തനംതിട്ട–689 648<br><br>2.അപ്പീൽ അധികാരി &<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം<br>പത്തനംതിട്ട | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിലെ കമ്മീഷന്റെ 2018 ഒക്ടോബർ മാസം 26–ാം തീയതിയിലെ ഉത്തരവു പ്രകാരം കമ്മീഷൻ മുമ്പാകെ 29.11.2019 തീയതി നേരിൽ ഹാജരായ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. ജെയിംസ് മാത്യൂ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ 02.05.2014 ലെ അപേക്ഷയിൻമേൽ 22.05.2014 തീയതി മറുപടി നൽകിയിരുന്നു എന്നും ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് പ്രകാരം ഹർജിക്കാരന് 01.01.2015 തീയതി മറുപടി നൽകിയിരുന്നുവെന്നും ഇക്കാര്യങ്ങൾ സി6–3677/18, സി 8–283/14 എന്നീ

(മറുപുറം)

ഫയലുകളിലും ഡെസ്പാച്ച് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും രണ്ട് പുരയിടങ്ങൾക്കിടയിലുള്ള സ്ഥലം ഒരു നീരൊഴുക്ക് ആണെന്നും എന്നാൽ ടി സ്ഥലം ഒരു വഴിയായി ഉപയോഗിക്കുന്നതാണെന്നും ആയത് റോഡ് എന്ന തരത്തിൽ പഞ്ചായത്ത് രേഖകളിൽ ഇല്ലെന്നും ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശ പ്രകാരം സ്ഥലത്തുപോയി നേരിട്ട് അന്വേഷണം നടത്തിയ ശേഷമാണ് 01.01.2015 തീയതി ഹർജിക്കാരനു മറുപടി നൽകിയത് എന്നും മറ്റുമാണ്.

ടി വിശദീകരണം പരിശോധിച്ചതിൽ ടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഭാഗത്തു നിന്നും ബോധപൂർവ്വമായ വീഴ്ചകളൊന്നും സംഭവിച്ചിട്ടില്ലെന്നു കാണുന്നു. ആയതിനാൽ ടിയാനെതിരായ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം **2020 ജനുവരി മാസം 28-ാം** തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

ast

RIGHT TO INFORMATION